REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 02-07-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടി ന്യൂഡൽഹിയിൽ ആരംഭിച്ചു.**
- **വിഴിഞ്ഞം തുറമുഖ ഓഹരി വിൽപ്പന കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അറിഞ്ഞ് വേണമെന്ന് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ.**
- **നിയമസഭാ ചട്ടങ്ങൾ കാറ്റിൽ പറത്തിയാണ് സംസ്ഥാന ഗവൺമെന്റ് ധനകാര്യ ബില്ല് പാസാക്കിയതെന്ന് പ്രതിപക്ഷനേതാവ് പിണറായി വിജയൻ.**
- **സമൂഹത്തിലെ വെല്ലുവിളികളും സംഘർഷങ്ങളും മറികടക്കാൻ വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസമുണ്ടാകണമെന്ന് മന്ത്രി CP ജോൺ.**
- **ലോകകപ്പ് ഫുട്ബോളിൽ ഇംഗ്ലണ്ടും ബെൽജിയവും അമേരിക്കയും പ്രീക്വാർട്ടറിൽ.**

## വാർത്തകൾ വിശദമായി

ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടി ന്യൂഡൽഹിയിൽ ആരംഭിച്ചു. ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയ ജാപ്പനീസ് പ്രധാനമന്ത്രി സനേ തകൈച്ചിയ്ക്ക് രാഷ്ട്രപതി ഭവനിൽ ആചാരപരമായ വരവേൽപ്പ് നൽകി. ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി അവർ ഉഭയകക്ഷി ചർച്ചകൾ നടത്തും.

രണ്ട് രാജ്യങ്ങളും തമ്മിൽ വിവിധ മേഖലകളിലെ സഹകരണം സംബന്ധിച്ച് ഇരുനേതാക്കളും അവലോകനം ചെയ്യും. കൂടാതെ പരസ്പര താൽപര്യ പ്രാദേശിക - ആഗോള വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ പരസ്പരം കൈമാറും.

ചർച്ചകൾക്ക് ശേഷം ഇന്ത്യയും ജപ്പാനും നിരവധി ധാരണാപത്രങ്ങളും കൈമാറും.

മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഇന്നലെ വൈകിട്ടാണ് സനേ തകൈച്ചി ന്യൂഡൽഹിയിലെത്തിയത്. ഇരു രാജ്യങ്ങളുടെയും തന്ത്രപരമായ ആഗോള പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോകുന്നതിൽ സന്ദർശനം പുതിയ ചുവടുവെപ്പാകുമെന്ന് വിദേശകാര്യമന്ത്രാലയം അറിയിച്ചു.

✪✪✪

ഡൽഹിയിൽ ഭീകരവാദ പ്രവർത്തനത്തിന് പദ്ധതിയിട്ട നാലുപേർ സ്പെഷ്യൽ പൊലീസ് റെയ്ഡിൽ അറസ്റ്റിലായി. ISI സ്പോൺസർ ചെയ്യുന്ന അന്തർ സംസ്ഥാന ഭീകരവാദ ആയുധ ശൃംഖലയ്ക്കെതിരെ നടത്തിയ റെയ്ഡിലാണ് നാല് പേരുടെയും അറസ്റ്റ്. ISI ഭീകരവാദി ഷഹ്സാദ് ഭാട്ടിയുടെ കൂട്ടാളികളായ ഇവരിൽ നിന്ന് വിദേശ നിർമ്മിത പിസ്റ്റലുകളും വെടിയുണ്ടകളും സെൽഫോണുകളും കണ്ടെടുത്തു.

✪✪✪

വെനസ്വേലയിൽ തുടർച്ചയായുണ്ടായ ഭൂകമ്പങ്ങളിൽ മരിച്ചവരുടെ എണ്ണം 2,295 ആയി ഉയർന്നതായി വെനസ്വേല നാഷണൽ അസംബ്ലി പ്രസിഡന്റ് ജോർജ് റോഡ്രിക്സ് അറിയിച്ചു. 11,000-ത്തിലധികം പേർക്ക് പരിക്കേറ്റിട്ടുണ്ട്. 13,000 പേർക്ക് വീട് നഷ്ടപ്പെട്ടതായും രക്ഷാപ്രവർത്തനങ്ങൾ തുടരുകയാണെന്നും പ്രസിഡന്റ് വ്യക്തമാക്കി. കഴിഞ്ഞ മാസം 25-നാണ് 7.2, 7.5 തീവ്രത രേഖപ്പെടുത്തിയ രണ്ട് ശക്തമായ ഭൂകമ്പങ്ങൾ വെനസ്വേലയിൽ അനുഭവപ്പെട്ടത്.

✪✪✪

വിഴിഞ്ഞം തുറമുഖ ഓഹരി വിൽപ്പന കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അറിഞ്ഞ് വേണമെന്ന് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ആറന്മുള MLA അബിൻ വർക്കിയുടെ ഓഫീസ് ഉദ്ഘാടനം ചെയ്ത ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗവൺമെന്റിന് ഇത് സംബന്ധിച്ച കത്ത് ലഭിച്ചിട്ടില്ല എന്നാണ് മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞതെന്നും അത് പൂർണ്ണമായും വിശ്വസിക്കുകയാണെന്നും സ്പീക്കർ അറിയിച്ചു. സംസ്ഥാന ഗവൺമെന്റ് കൂടി അറിയാതെ വിഴിഞ്ഞത്തിന്റെ ഓഹരികൾ കൈമാറുന്നത് ശരിയല്ലെന്നും വിഴിഞ്ഞം സംസ്ഥാന ഗവൺമെന്റിന്റെ സ്വത്താണെന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ഭൂമി അന്യാധീനപ്പെട്ട് പൊവാതിരിക്കാനാണ് ഓഹരി കൈമാറ്റം

സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും അറിയണം എന്ന നിലപാട് മുഖ്യമന്ത്രി സ്വീകരിച്ചതെന്നും സ്പീക്കർ അറിയിച്ചു.

✪✪✪

നിയമസഭാ ചട്ടങ്ങൾ കാറ്റിൽ പറത്തിയാണ് സംസ്ഥാന ഗവൺമെന്റ് ധനകാര്യ ബില്ല് പാസാക്കിയതെന്ന് പ്രതിപക്ഷനേതാവ് പിണറായി വിജയൻ കുറ്റപ്പെടുത്തി. UDF ഗവൺമെന്റ് കോർപ്പറേറ്റ് മേധാവിമാരുടെ താത്പര്യങ്ങൾക്ക് കുടപിടിക്കുകയാണെന്ന് അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതിനിരക്ക് കാര്യത്തിൽ അനാവശ്യ ധൃതിയും വാശിയുമാണ് മുഖ്യമന്ത്രി കാണിച്ചതെന്ന് പ്രതിപക്ഷനേതാവ് ആരോപിച്ചു.

ധനകാര്യബിൽ അജണ്ടയിൽ ഉൾപ്പെടുത്തിയത് അവസാനഘട്ടത്തിലാണെന്നും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

ഗവൺമെന്റിന് വേണമെങ്കിൽ നിയമസഭാ സമ്മേളനം പുനക്രമീകരിക്കാമായിരുന്നുവെന്നും സഭാ നടപടികളോട് പ്രതിപക്ഷം നല്ലനിലയിലാണ് സഹകരിച്ചതെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലാണ് ഭരണപക്ഷം മുന്നോട്ട് പോകുന്നതെന്നും പിണറായി വിജയൻ പ്രതികരിച്ചു.

✪✪✪

സമൂഹത്തിൽ വെല്ലുവിളികളും സംഘർഷങ്ങളും വർഗ്ഗീയ ശക്തികളും ഉണ്ടെങ്കിലും അവയെ മറികടക്കാൻ കഴിയുമെന്ന ആത്മവിശ്വാസം വിദ്യാർത്ഥികൾക്കുണ്ടാകണമെന്ന് മന്ത്രി സിപി ജോൺ പറഞ്ഞു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നിരവധി പരിഷ്കാരങ്ങൾ നടപ്പാക്കി വരികയാണെന്നും ശാസ്ത്ര വിഷയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്ന പ്രവണത ഗൗരവമായി കാണണമെന്നും മന്ത്രി ഫേസ് ബുക്കിൽ കുറിച്ചു. വിദ്യാർത്ഥികൾ ആത്മവിശ്വാസത്തോടെയും പ്രതീക്ഷയോടെയും ഉന്നത വിദ്യാഭ്യാസത്തിന്റെ പുതിയ അധ്യായത്തിലേക്ക് പ്രവേശിച്ച് സമൂഹത്തിന്റെ പുരോഗതിക്ക് നേതൃത്വം നൽകണമെന്ന് സിപി ജോൺ നിർദേശിച്ചു.

✪✪✪

വിഴിഞ്ഞം തുറമുഖത്തിൽ അദാനിയുടെ ഷെയർ കൈമാറാൻ തീരുമാനിച്ചത് പത്രങ്ങളിലൂടെയാണ് അറിഞ്ഞത് എന്നും മുഖ്യമന്ത്രി പറയുന്നത് സാധാരണക്കാരന് മനസ്സിലാക്കാൻ കഴിയുന്ന കാര്യമല്ലെന്നും CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു.

3,000 കോടി രൂപ ചെലവാക്കിയ അദാനി 13,000 കോടിക്കാണ് തുറമുഖം മറിച്ചുവിറ്റതെന്നും അദ്ദേഹം കണ്ണൂരിൽ മാധ്യമങ്ങളോട് പറഞ്ഞു.

25 % ഷെയർ മാറ്റാൻ ഗവൺമെന്റ് അനുവാദം വേണമെന്നിരിക്കെ മുഖ്യമന്ത്രി അറിയില്ല എന്ന് പറയുന്നത് ശരിയല്ലെന്നും MV ഗോവിന്ദൻ അഭിപ്രായപ്പെട്ടു.

✪✪✪

മുൻ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയുടെ പേരിൽ പാക് സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്ര ഗവണ്മെന്റ് അറിയിച്ചു. ജനറൽ ദ്വിവേദി പ്രതിഷേധ സൂചകമായി രാജി വെക്കുകയും ജനറൽ ധീരജ് സേത്തിന് കമാൻഡ് ചുമതല കൈമാറുകയും ചെയ്തുവെന്നാണ് പാക് പ്രചാരണം. പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ അന്വേഷണ സംഘമാണ് വിഡിയോ വ്യാജമാണെന്ന് കണ്ടെത്തിയത്. നാല് പതിറ്റാണ്ടിലേറെ രാജ്യത്തെ സേവിച്ച ജനറൽ ഉപേന്ദ്ര ദ്വിവേദി സർവീസിൽ നിന്ന് വിരമിച്ചതാണെന്നും നടപടിക്രമങ്ങൾക്ക് അനുസൃതമായാണ് കരസേനാ മേധാവിയുടെ അധികാരകൈമാറ്റമെന്നും PIB വ്യക്തമാക്കി.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ റൂറൽ ഹെൽത്ത് സെന്ററായ ചെറൂപ്പ ആരോഗ്യ കേന്ദ്രം അത്യാധുനിക സാമൂഹികാരോഗ്യ കേന്ദ്രമായി വികസിപ്പിക്കുമെന്ന് മന്ത്രി കെ മുരളീധരൻ അറിയിച്ചു. 24 മണിക്കൂർ പ്രവർത്തനം പൂർണ്ണതോതിൽ പുന:സ്ഥാപിച്ച് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഊർജിതമാക്കുമെന്ന് മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു. ഇന്നലെ നിയമസഭയിൽ MA റസാഖ് മാസ്റ്റർ വിഷയത്തിൽ സബ്മിഷൻ ഉന്നയിച്ചിരുന്നു.

✪✪✪

സംസ്ഥാനത്ത് PM ശ്രീ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ യോഗം ഒരു തവണ കൂടി ചേരാൻ തീരുമാനമായി. ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ അന്തിമ തീരുമാനം ഉണ്ടാകാത്തതിനെ തുടർന്നാണ് വീണ്ടും യോഗം ചേരാൻ തീരുമാനിച്ചത്.

ഘടകകക്ഷികളുടെയും മുന്നണികളുടെയും നിലപാട് ഒരിക്കൽകൂടി ആരാഞ്ഞ ശേഷമായിരിക്കും ഉപസമിതി തുടർതീരുമാനങ്ങളിലേക്ക് കടക്കുക.

✪✪✪

ലോകകപ്പ് ഫുട്ബോളിൽ ബെൽജിയവും ഇംഗ്ലണ്ടും അമേരിക്കയും പ്രീ ക്വാർട്ടറിൽ പ്രവേശിച്ചു. പുലർച്ചെ വാഷിംഗ്ടണിലെ സിയാറ്റിൽ സ്റ്റേഡിയത്തിൽ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്കാണ് ബെൽജിയം സെനഗലിനെ പരാജയപ്പെടുത്തിയത്.

രാവിലെ സാന്താക്ലാരയിൽ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് ബോസ്നിയ ഹെർസെഗോവിനയെ തോൽപ്പിച്ചാണ് അമേരിക്കയുടെ പ്രി ക്വാർട്ടർ പ്രവേശം.

നാളെ പുലർച്ചെ 4.30ന് പോർച്ചുഗൽ ക്രൊയേഷ്യയെയും രാവിലെ 8.30 ന് സ്വിറ്റ്സർലന്റ് അൽജീരിയയേയും നേരിടും.

✪✪✪

പുന്നമടക്കായലിൽ ആഗസ്റ്റ് 22ന് സംഘടിപ്പിക്കുന്ന 72-ാമത് നെഹ്റു ട്രോഫി ജലമേളയുടെ ഭാഗ്യചിഹ്നം നിശ്ചയിക്കുന്ന മത്സരത്തിലേക്ക് എൻട്രികൾ ക്ഷണിച്ചു. ഈ മാസം 08ന് വൈകിട്ട് അഞ്ച് വരെ എൻട്രികൾ നൽകാം. എ-4 സൈസ് ഡ്രോയിംഗ് പേപ്പറിൽ മൾട്ടി കളറിലാണ് ഭാഗ്യചിഹ്നം തയ്യാറാക്കേണ്ടത്. എൻട്രികൾ അയക്കുന്ന കവറിൽ '72-ാമത് നെഹ്റു ട്രോഫി ജലമേള-ഭാഗ്യചിഹ്നമത്സരം' എന്നു രേഖപ്പെടുത്തണം.

✪✪✪

കണ്ണൂർ ജില്ലയിലെ പായം ഗ്രാമ പഞ്ചായത്തിനെ ബാംബൂ ഇൻഡസ്ട്രിയൽ വില്ലേജ് ആക്കി മാറ്റുന്നതിന് നടപ്പാക്കിയ 'ഉർവരം' പദ്ധതി ശ്രദ്ധേയമാകുന്നു. തൊഴിൽ രഹിതരായ വനിതകളെ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി KO ശശിധരൻ.

........വോയ്സ്.......

മനോഹരമായ മ്യൂറൽ പെയിന്റിങ്ങുകൾ, ബാംബു മ്യൂറൽ ഡെക്കാ പേജ് നിർമ്മാണം, മുളയിലും ഈറ്റയിലും മെടഞ്ഞ കുട്ടകൾ കരകൗശല വസ്തുക്കൾ എല്ലാം ഏറെ ആകർഷകമാവുകയാണ്. പായം പഞ്ചായത്തിൽ താൽക്കാലികമായി തയാറാക്കിയ ആർട്ട് ഗാലറിയിലാണ് ഇവ പ്രദർശനത്തിന് വെച്ചിരിക്കുന്നത്. 60 വനിതകൾ ചേർന്നാണ് മുളയിൽ ശിൽപങ്ങളും കരകൗശല വസ്തുക്കളും നിർമ്മിച്ചടുത്തത്. വയനാട് ജീവൻ ജ്യോതിയുമായി സഹകരിച്ച് 2023 ൽ ബാരാപ്പുഴയുടെ കരകളിൽ 10 കിലോമീറ്റർ ദൂരത്തിൽ മുളകൾ നട്ടുപിടിപ്പിച്ചിരുന്നു. 26 ഇനങ്ങളിലായി 5000 മുളകളാണ് നട്ടത്. ഈ

മുളന്തുണ്ടുകൾ ഉപയോഗപ്പെടുത്തിയാണ് കരകൗശല വസ്തുക്കൾ നിർമ്മിച്ചത്. തൊഴിൽരഹിതരായ 400 വനിതകൾക്കു മുളയുൽപന്ന നിർമ്മാണ, കരകൗശല രംഗത്ത് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ഈ പദ്ധതി പായത്തിന്റെ മുഖച്ഛായ മാറ്റുമെന്ന് ആർട് ഗാലറിയുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.ഷബ്ന പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഇന്ന് മഴയുടെ ശക്തി കുറയുമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

✪✪✪

സ്വർണ വില വർദ്ധിച്ചു. പവന് 1120 രൂപ കൂടി ഒരു ലക്ഷത്തി 5,440 രൂപയായി.

✪✪✪

DYFI കണ്ണൂർ ജില്ലാ പ്രസിഡൻറായി കെ.അനുശ്രീയെയും സെക്രട്ടറിയായി മുഹമ്മദ് അഫ്സലിനെയും തിരഞ്ഞെടുത്തു. തലശ്ശേരിയിൽ ചേർന്ന ജില്ലാ സമ്മേളനത്തിലാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.

✪✪✪

കേരളാ ശാസ്ത്ര സാഹിത്യ പരിഷത്ത് മുക്കം മേഖലാ മുൻ സെക്രട്ടറിയും കോഴിക്കോട് ജില്ലാ കമ്മറ്റി അംഗവുമായിരുന്ന ആലിക്കുട്ടി മാസ്റ്റർ അന്തരിച്ചു. രാവിലെയായിരുന്നു അന്ത്യം. വാഹനാപകടത്തെ തുടർന്ന് ഇരുപത്തിനാല് വർഷത്തോളം ചികിൽസയിലായിരുന്നു അദ്ദേഹം.

✪✪✪

വയനാട് പെരിക്കല്ലൂരിനടുത്ത് വനത്തിൽ ആനയെ ചെരിഞ്ഞ നിലയിൽ കണ്ടെത്തി. വനം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചു.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: ശ്രുതി എം, ജാസ്മി*
*DEO : സി കെ സുബോധ്*